# 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2796** **18-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികളുടെ പഠനമുറി നിർമ്മാണ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി സമുദായത്തിൽപ്പെട്ട കുട്ടികൾക്ക് പഠനമുറി ഒരുക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നിലവിൽ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാന സിലബസിൽ 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സവരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കാണ് പഠനമുറി അനുവദിക്കുന്നത്. ഗ്രാമസഭാ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. |
| (ബി) | പഠനമുറി ഒരുക്കുന്നതിന് സ്ഥലസൗകര്യം ഇല്ലാത്തവർക്ക് വീടിന്റെ മുകളിൽ പഠനമുറി ഒരുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; അറിയിക്കാമോ; | (ബി) | ഉണ്ട് |
| (സി) | എങ്കിൽ നിലവിലെ വീടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ ഇല്ലാത്തവർക്ക് ഫിറ്റ്നസ് ബന്ധപ്പെട്ടവർ നിരസിക്കുന്നത് കാരണം തുക നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഡി) | സ്ഥലം ഇല്ലാത്തവർക്ക് നിലവിലെ വീടിന്റെ ഫൗണ്ടേഷൻ കൂടി ബലപ്പെടുത്തി മുകളിൽ പഠനമുറി ഒരുക്കുന്നതിന് ആവശ്യമായ തുക വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | തൽക്കാലം പരിഗണനയിലില്ല |
| (ഇ) | പഠനമുറി നിർമ്മാണത്തിന് പട്ടികജാതി വകുപ്പും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പണം അനുവദിക്കുന്നുണ്ടെങ്കിലും രണ്ട് വകുപ്പുകളും പുറത്തിറക്കിയ മാർഗരേഖകളിൽ ഗഡുക്കൾ അനുവദിക്കുന്നത്, വാല്യുവേഷൻ എന്നിവയിൽ സമാനതകളില്ലാത്തതിനാൽ രണ്ട് ഡിപ്പാർട്ട്മെന്റുകളുടെയും ഉത്തരവുകൾ സമാനരീതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ഇ) | പട്ടികജാതിവകുപ്പ് മുഖേന 2 ലക്ഷം രൂപ 4 ഗഡുക്കളായി 15, 30, 40 15 എന്നീ ശതമാന ക്രമത്തിലാണ് ധനസഹായം അനുവദിക്കുന്നത്. ആദ്യഗഡു മുൻകൂറായും അവസാനഗഡു പൂർത്തീകരിക്കുന്ന ഘട്ടത്തിലും പട്ടികജാതി വികസന ഓഫീസറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ആദ്യ ഗഡു 50,000/- രൂപയും രണ്ടാം ഗഡു വാല്യുവേഷന്റെ അടിസ്ഥാനത്തിൽ 75,000/- രൂപയും തുടർന്ന് |

| | | | |
|---|---|---|---|
| | | | പൂർത്തീകരണത്തിന്റെയും വാല്യുവേഷന്റേയും അടിസ്ഥാനത്തിൽ ബാക്കി 75,000/- രൂപയും അനുവദിക്കുന്നു. ഈ രണ്ടു വകുപ്പുകളും മേൽ പരാമർശിച്ച രീതിയിലാണ് പദ്ധതി നടപ്പാക്കുന്നത്. ആയത് സമാനരീതിയിലാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (എഫ്) | കൊണ്ടോട്ടി മണ്ഡലത്തിൽ 2019 മുതൽ പഠനമുറിക്ക് വേണ്ടി അപേക്ഷ നൽകിയിട്ടും വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാൻ കഴിയാത്തതും, പണം അനുവദിക്കാത്തതുമായ അപേക്ഷകരുടെ വിശദാംശങ്ങൾ കാരണം സഹിതം ലഭ്യമാക്കുമോ? | (എഫ്) | 2019-20 മുതൽ ഇതുവരെ ലഭ്യമായ അപേക്ഷകളിൽ 7 എണ്ണം പരിഗണിച്ചിട്ടില്ല. ഈ അപേക്ഷകർക്ക് സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള നിശ്ചിത സ്ക്വയർ ഫീറ്റിൽ അധികമുള്ള വീട് ഉള്ളതിനാലാണ് പരിഗണിക്കാതിരുന്നത്. അപേക്ഷ പരിഗണിച്ച് ധനസഹായം അനുവദിച്ചവരിൽ നിശ്ചിത ഘട്ടം പൂർത്തീകരിച്ച എല്ലാവർക്കും അർഹമായ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ ധനസഹായം അനുവദിച്ച 47 പേരിൽ 7 എണ്ണവും, 2020-21 ൽ ധനസഹായം അനുവദിച്ച 82 പേരിൽ 33 എണ്ണവും, 2021-22 ൽ ധനസഹായം അനുവദിച്ച 49 പേരിൽ 48 എണ്ണവും പൂർത്തീകരിക്കാൻ ഉണ്ട്. അവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആണ്. |

സെക്ഷൻ ഓഫീസർ